# പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് - നടപടി ക്രമങ്ങൾ ലഘൂകരിച്ചു - അപേക്ഷാഫീസ് 500 രൂപയാക്കി കുറച്ചു

യു.എ.ഇ - ൽ ജോലി തേടുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ 15.02.2018 തീയ്യതി മുതൽ ലഘൂകരിച്ചു. അപേക്ഷാഫീസ് 1000 (ആയിരം) രൂപയായിരുന്നത് 500 (അഞ്ഞൂറ്) രൂപയാക്കി കുറച്ചു.

പുതിയ നടപടിക്രമമനുസരിച്ച് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി, ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷിക്കുന്ന സ്റ്റേഷനിലെ എസ്.എച്ച്.ഒ ആണ് ഇനി മുതൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുക.

അപേക്ഷയോടൊപ്പം മേൽവിലാസവും ജനനത്തീയതിയും തെളിയിക്കുന്നതിന് റേഷൻകാർഡ്, വോട്ടേഴ്സ് ഐ.ഡി. കാർഡ്, എസ്.എസ്.എൽ.സി. ബുക്ക് എന്നിവയിൽ ഏതെങ്കിലും രേഖ, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണെന്നതിന് തെളിവായുള്ള കത്ത് / രേഖ, പാസ്പോർട്ട് ലഭ്യമാണെങ്കിൽ അത്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയും ഹാജരാക്കണം.

അപേക്ഷാഫീസായ 500 രൂപ പോലീസ് സ്റ്റേഷനിൽ സ്വീകരിക്കും. സ്റ്റേഷൻ ഹൌസ് ഓഫീസർ അപേക്ഷാ ഫീസ് സ്വീകരിച്ച് ടി.ആർ- 5 രസീത് നൽകണം. ഈ ഫീസ് സമാനമായ മറ്റു ഫീസുകൾ സ്വീകരിക്കുന്പോൾ ചെയ്യുന്നതുപോല ബന്ധപ്പെട്ട സർക്കാർ അക്കൌണ്ടിൽ അടയ്ക്കണം.

അപേക്ഷ സ്വീകരിച്ച് 3 ദിവസിത്തിനുള്ളിൽ ആവശ്യമായ പരിശോധനകൾക്കുശഷം ബാധകമായ കാലയളവിലേക്ക് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എസ്.എച്ച്.ഒ. ഒപ്പിട്ട് തന്റെ ഔദ്യോഗീക സീൽ പതിപ്പിച്ച് നൽകണം.

യു.എ.ഇ - ൽ ജോലി തേടുന്നവർക്കാണ് പുതിയ നിർദ്ദേശങ്ങൾ ബാധകം. മറ്റ് രാജ്യങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് ഇപ്പോൾ നിലവിലുള്ള രീതി തന്നെ പിന്തുടരണം. എന്നാൽ ഇവയ്ക്കുള്ള ഫീസ് ഇനി മുതൽ 500 രൂപയായിരിക്കും.

പുതിയ അപേക്ഷ ഫോം എറണാകുളം റൂറൽ ജില്ലാ പോലീസ് വെബ്സൈറ്റിൽ ലഭ്യമാണ്.

വെബ്സൈറ്റ് ലിങ്ക് - **http://ernakulamrural.keralapolice.gov.in/downloads/forms/pcc-uae-form**